ജോയിൻറ് സെക്രട്ടറിമാർ:

ശ്രീ. പി. കരുണാകരൻ നായർ - 10 മാസം
ശ്രീ. പി. എസ്. രാമൻ പിള്ള - 1 വർഷം, 2 മാസം
ശ്രീമതി ഇ. ആർ. പത്മിനി - 2 മാസം

ഡെപ്യൂട്ടി സെക്രട്ടറിമാർ:

ശ്രീ. തോമസ് ചെറിയാൻ - 1 വർഷം, 2മാസം
ശ്രീ. റ്റി. പി. വാസുദേവൻ നായർ - 10 മാസം

അണ്ടർ സെക്രട്ടറിമാർ :

ശ്രീ. എം. ആർ. ചെല്ലപ്പൻ നായർ - 1 വർഷം, 9 മാസം.
ശ്രീ. എം. കെ. സാംബൻ - 2 മാസം.
ശ്രീ. എസ്. സുബ്രഹ്മണ്യം - 11 മാസം.
ശ്രീമതി പി. ഗോമതി അമ്മ - 2 വർഷം, 7 മാസം.

(സി) ഉദിക്കുന്നില്ല.

## കൊട്ടാരം ജീവനക്കാർക്കുള്ള പെൻഷൻ

828. [1253] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പാലസ് പെൻഷനേഴ്സിന് അതാതു കാലങ്ങളിൽ ഗവൺമെൻറ് അനുവദിച്ചു വരുന്ന പെൻഷൻ വർദ്ധനവ് നൽകുന്ന കാര്യത്തിൽ ഇന്നുള്ള കാലതാമസം ഒഴിവാക്കാനായി പൊതുവായ ഉത്തരവ് പുറപ്പെടുവിക്കുമ്പോഴെന്നെ അവരെക്കൂടി ഉൾപ്പെടുത്താൻ വേണ്ട നടപടികൂടി കൈക്കൊള്ളുമോ?

### ഉത്തരം

കേരള സർവ്വീസ് ചട്ടങ്ങളുടെ പരിധിയിൽ വരുന്നവരെ ഉദ്ദേശിച്ചാണ് പൊതു ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. പാലസ് പെൻഷനേഴ്സ് ഈ ചട്ടങ്ങളുടെ പരിധിയിൽ വരാത്തതിനാൽ അവരുടെ കാര്യത്തിൽ പ്രത്യേക ഉത്തരവുകൾ ആവശ്യമാണ്. പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനു സാമ്പത്തിക ബാദ്ധ്യതകളും മറ്റും പരിഗണിക്കേണ്ടതിനാൽ അൽപ്പം താമസം നേരിടാറുണ്ട്. ഈ കാലതാമസം കഴിയുന്നത്ര ഒഴിവാക്കാൻ ശ്രമിക്കുന്നതാണ്.

## സ്പെഷ്യൽ റിക്രൂട്ട്മെൻറ്

829 [1254] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977 ജനുവരി ഒന്നാം തീയതിക്കുശേഷം സംസ്ഥാനത്താകമാനം എത്ര ഹരിജൻങ്ങളെ സ്പെഷ്യൽ റിക്രൂട്ട്മെൻറ് മുഖാന്തിരം നിയമിച്ചിട്ടുണ്ട്;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതൊക്കെ തസ്തികകളിൽ എത്ര പേരെ വീതം നിയമിച്ചിട്ടുണ്ട്?

ഉത്തരം

(എ) തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ ഇതുവരെയായി 373 ഗസറ്റഡ് തസ്തികകളും 5747 നോൺ ഗസറ്റഡ് തസ്തികകളും ഗവൺമെൻറ് ഉത്തരവ് അനുസരിച്ച് സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി നിയമനം നടത്തുന്നതിന് റിസർവ്വ് ചെയ്തിട്ടുണ്ട്. ഇതിൽ 1-8-1977 വരെ 164 ഗസറ്റഡ് തസ്തികകളിലും 3989 നോൺ ഗസറ്റഡ് തസ്തികകളിലും സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി നിയമനം നടത്തിയിട്ടുണ്ട്.

(ബി) തസ്തിക തിരിച്ചുള്ള കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല.

മന്ത്രിമാരുടെ യാത്രപ്പടി

830. [1258] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ 6 മാസത്തിൽ സംസ്ഥാനത്തെ ഓരോ മന്ത്രിമാരുടേയും യാത്രപ്പടി എത്ര രൂപാ വീതം വരും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

സെക്രട്ടേറിയറ്റ് ക്ലറിക്കൽ അസിസ്റ്റൻറ് അസോസിയേഷൻറെ നിവേദനം

831. [1260] ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സെക്രട്ടേറിയറ്റ് അസിസ്റ്റൻറ് ആൻറ് അറൻഡേഴ്സ് അസോസിയേഷനിൽനിന്ന് ഗവൺമെൻറിലേക്ക് ഒരു നിവേദനം കിട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിൽ എത്ര ആവശ്യങ്ങളാണ് അവർ ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ നിവേദനത്തിൽ എന്തെങ്കിലും നടപടി എടുക്കുകയുണ്ടായോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാലാവശ്യങ്ങളാണ് ഉന്നയിച്ചിരുന്നത്.

(സി) സർക്കാരിൻറെ പരിഗണനയിലാണ്.

* അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly